പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ.1298

04.12.2014 ൽ

മറുപടി നൽകേണ്ടിയിരുന്നത്

# തണ്ണീർത്തടങ്ങളും നെൽവയലുകളും നികത്തുന്നതുമായി ബന്ധപ്പെട്ട കേസുകൾ

ചോദ്യം

ശ്രീ. എം. ചന്ദ്രൻ :

ഉത്തരം

ശ്രീ . അടൂർ പ്രകാശ്

(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | 2014 ജനുവരി മുതൽ തണ്ണീർത്തടങ്ങളും നെൽവയലുകളും നികത്തുന്നതുമായി ബന്ധപ്പെട്ട് എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ; | (എ) | 2014 ജനുവരി മുതൽ തണ്ണീർത്തടങ്ങളും നെൽവയലുകളും നികത്തുന്നതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു. |

| ജില്ല | കേസുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 0 |
| കൊല്ലം | 138 |
| പത്തനംതിട്ട | 32 |
| ആലപ്പുഴ | 120 |
| കോട്ടയം | 90 |
| ഇടുക്കി | 47 |
| എറണാകുളം | 42 |
| തൃശ്ശൂർ | 118 |
| പാലക്കാട് | 92 |
| മലപ്പുറം | 659 |
| കോഴിക്കോട് | 38 |
| വയനാട് | 50 |
| കണ്ണൂർ | 33 |
| കാസർഗോഡ് | 71 |
| ആകെ | 1530 |

| | | | |
|---|---|---|---|
| (ബി) | ഇതുമായി ബന്ധപ്പെട്ട് എത്ര വാഹനങ്ങളാണ് പിടിച്ചെടുത്തിട്ടുള്ളത് ; | (ബി) | പിടിച്ചെടുത്ത വാഹനങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ കൊടുക്കുന്നു. |

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 0 |
| കൊല്ലം | 6 |
| പത്തനംതിട്ട | 7 |
| ആലപ്പുഴ | 14 |
| കോട്ടയം | 8 |
| ഇടുക്കി | 19 |
| എറണാകുളം | 20 |
| തൃശ്ശൂർ | 13 |
| പാലക്കാട് | 15 |
| മലപ്പുറം | 116 |
| കോഴിക്കോട് | 2 |
| വയനാട് | 5 |
| കണ്ണൂർ | 0 |
| കാസർഗോഡ് | 5 |
| ആകെ | 230 |

| | | | |
|---|---|---|---|
| (സി) | പിടിച്ചെടുത്ത വാഹനങ്ങളെല്ലാം പിഴ ചുമത്തി വിട്ടു നൽകിയിട്ടുണ്ടോ ; | (ഡി) & (ഡി) | 2008 ലെ കേരള നെൽവയൽ തണ്ണീർത്തട നിയമ പ്രകാരം പിടിച്ചെടുത്ത വാഹനങ്ങൾക്ക് പിഴ ചുമത്തി വിട്ടു നൽകുവാൻ ടി നിയമപ്രകാരം വ്യവസ്ഥയില്ല. എന്നാൽ ചില കേസുകളിൽ കോടതി ഉത്തരവ് പ്രകാരം സെക്യൂരിറ്റി ബോണ്ട്, ബാങ്ക് ഡിപ്പോസിറ്റ് ഗാരന്റി എന്നിവ വാങ്ങി വാഹനങ്ങൾ വിട്ടു നൽകിയിട്ടുണ്ട്. പിഴ ഈടാക്കേണ്ടത് ശിക്ഷാ നടപടിയുടെ ഭാഗമായിട്ടാണ് ടി നിയമത്തിലെ 23 ാം വകുപ്പിൽ സൂചിപ്പിച്ചിട്ടുള്ള ശിക്ഷാ നടപടി നിയമലംഘകർക്കെതിരെ ചുമത്തുന്നതിന് ജില്ലാ കളക്ടർക്ക് അധികാരം ഇല്ലാത്തതാണ്. ആയത് പ്രകാരം പിഴ ഉൾപ്പെടെയുള്ള ശിക്ഷ നൽകേണ്ടത് അധികാരപ്പെട്ട കോടതിയാണ്. |
| (ഡി) | വാഹനങ്ങൾ പിടിച്ചെടുത്ത വകയിൽ പിഴയായി എത്ര രൂപ ഇതുവരെ സർക്കാരിന് ലഭ്യമായിട്ടുണ്ട് ; | | |

പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

**മഹിളാ കിസ്സാൻ ശാക്തീകരണ പരിയോജന -അട്ടപ്പാടിയിൽ**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1480

05.12.2014 ൽ മറുപടി നൽകേണ്ടിയിരുന്നത്

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.കെ.ബാലൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | മഹിളാ കിസ്സാൻ ശാക്തീകരണ പരിയോജന എന്ന കേന്ദ്ര സർക്കാർ പദ്ധതി അട്ടപ്പാടിയിൽ നടപ്പാക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | (ബി) | നെൽകൃഷി പുനരുദ്ധാരണത്തിനായി വനിതകളുടെ ലേബർ ബാങ്ക് രൂപീകരിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ ലക്ഷ്യം. |
| (സി) | പ്രസ്തുത പദ്ധതിക്കായി കേന്ദ്ര ഗവൺമെന്റ് ഇതുവരെ എത്ര രൂപ അനുവദിച്ചിട്ടുണ്ട്; സംസ്ഥാന വിഹിതം എത്ര രൂപയാണ്; എത്ര രൂപ ഇതുവരെ ചെലവഴിച്ചു; | (സി) | പാലക്കാട്, തൃശ്ശൂർ, മലപ്പുറം ജില്ലാ പഞ്ചായത്തുകളുടെ കൺസോർഷ്യം നടപ്പാക്കുന്ന ഈ പദ്ധതിയിൽ കേന്ദ്ര വിഹിതമായി 7,57,00,000/- രൂപ ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതമായി 12,04,83,022/- രൂപ ലഭിച്ചിട്ടുണ്ട്. 2,17,60,836/- രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | അട്ടപ്പാടിയിൽ പ്രധാനമായും എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയത്; ഓരോന്നിനും അനുവദിച്ച തുകയും ചിലവഴിച്ച തുകയും വിശദമാക്കുമോ; | (ഡി) | തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന അട്ടപ്പാടിയിൽ നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഇ) | പദ്ധതിയ്ക്ക് മേൽനോട്ടം വഹിച്ചത് ആരാണ്? | (ഇ) | മഹിളാ കിസ്സാൻ ശാക്തീകരണ പരിയോജന പ്രോജക്ട് II നെൽകൃഷി പുനരുദ്ധാരണ പദ്ധതി മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലാ പഞ്ചായത്ത് Consortium COMPT വഴിയാണ് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ

| | | | |
|---|---|---|---|
| (ഇ) | നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തുന്നതിനെതിരായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ? | (ഇ) | അനധികൃതമായി നെൽവയലുകളും തണ്ണീർത്തടങ്ങളും രൂപഭേദപ്പെടുത്തുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുവാൻ 2008 -ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ വ്യവസ്ഥകളുണ്ട്. ടി നിയമത്തിലെ 12, 13, 19, 20 എന്നീ വകുപ്പുകൾ പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വയൽ നികത്തലിനെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സെക്ഷൻ ഓഫീസർ |

അനുബന്ധം.

കുടുംബശ്രീ മുഖാന്തിരം നടപ്പാക്കുന്ന മഹിളാ കിസാൻ ശാക്തീകരണ പരിയോജന (അട്ടപ്പാടി സ്പെഷ്യൽ) പ്രോജക്ട് വഴി 11,000 സ്ത്രീ കർഷകരെ 1100 കർഷക ഗ്രൂപ്പുകളാക്കി തിരിച്ച് പരിശീലനവും സാങ്കേതിക വിദ്യ പരിചയപ്പെടുത്തുകയും ചെയ്യുക വഴി അട്ടപ്പാടി 3 പഞ്ചായത്തുകളിൽ കൃഷി വ്യാപിപ്പിക്കലാണ് ഉദ്ദേശിക്കുന്നത്. മൂന്ന് വർഷക്കാലമാണ് പദ്ധതി കാലാവധി. ആകെ പ്രോജക്ട് കോസ്റ്റ് 16.3642 കോടി രൂപ, ഇതിൽ 75% കേന്ദ്ര സർക്കാർ സഹായവും 25% കേരള സർക്കാർ സഹായവുമാണ്. 2014–15 വർഷം കേന്ദ്രസർക്കാർ 3.06 കോടി രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാന വിഹിതം അനുവദിച്ചിട്ടില്ല. മഹിളാ കിസാൻ ശാക്തീകരണ പരിയോജന പദ്ധതിയ്ക്കായി രൂപീകരിച്ച 167 ഊരുകൂട്ടങ്ങൾ/ അയൽക്കൂട്ടങ്ങൾക്ക് 15,000 രൂപ വീതം കോർപ്പസ് ഫണ്ട് ഇനത്തിൽ അനുവദിച്ചിട്ടുണ്ട് (ആകെ 25,05,000/-). പദ്ധതി ആരംഭഘട്ടത്തിലാണ് ചെലവു വിവരങ്ങൾ ആരംഭിക്കുന്നതേയുള്ളു.

National Rural Livelihood Mission (NRLM) പദ്ധതിയുടെ ഭാഗമായി മഹിളാ കിസാൻ ശാക്തീകരൺ പരിയോജന പദ്ധതി(MKSP)യും NRLM പദ്ധതിയുടെ ഭാഗമായുള്ള National Rural Livelihood Project (NRLP)ൽ ഉൾപ്പെടുത്തി അട്ടപ്പാടി സാമൂഹ്യ വികസന പ്രത്യേക പദ്ധതിയും നടപ്പിലാക്കി വരുന്നു.

2014–15 ൽ ആരംഭിച്ച് തുടർന്നുള്ള 7 വർഷങ്ങളിലായി നടപ്പിലാക്കേണ്ട അട്ടപ്പാടി സാമൂഹ്യ വികസന പ്രത്യേക പദ്ധതിയ്ക്കായി 50 കോടി രൂപയുടെ പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആയതിലേയ്ക്കുള്ള 2014–15 വർഷത്തെ വിഹിതമായ 3.2 കോടി രൂപയിൽ ഒന്നാം ഗഡുവായ 1.6 കോടി രൂപ പദ്ധതിയ്ക്കായി അനുവദിച്ച് നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾക്കായി ആനിമേറ്റർമാർ, കോ-ഓർഡിനേറ്റർമാർ, അക്കൗണ്ടന്റുമാർ എന്നിവരെ നിയമിക്കുകയും പദ്ധതി പ്രവർത്തനങ്ങൾക്കായി ഒരു ഓഫീസ് കെട്ടിടം അട്ടപ്പാടിയിൽ തന്നെ സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പരിശീലന പരിപാടികളും സംഘടിപ്പിച്ചിരുന്നു. ഇതിലേയ്ക്കായി 40 ലക്ഷം രൂപ ചെലവായിട്ടുണ്ട്. കേന്ദ്രഗ്രാമവികസന മന്ത്രാലയത്തിൽ നിന്നും നിയമിതയായ ഡോ.സീമ ഭാസ്ക്കറാണ് അട്ടപ്പാടിയിലെ സ്പെഷ്യൽ പ്രോജക്ട്/ എം.കെ.എസ്.പി. പദ്ധതികളുടെ ചീഫ് ഓപ്പറേറ്റിങ് ഓഫീസർ. ടി ഉദ്യോഗസ്ഥയാണ് പദ്ധതികളുടെ മേൽനോട്ടം വഹിക്കുന്നത്. എം.കെ.എസ്.പി. (പ്രോജക്ട് II) പദ്ധതിയുടെ ഭാഗമായി മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളുടെ കൺസോർഷ്യം (CoMPT) അട്ടപ്പാടിയിൽ നെൽകൃഷി പുനരുദ്ധാരണത്തിനായുള്ള വനിതാ ലേബർ ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രാഥമിക യോഗങ്ങൾ നടന്നുവരുന്നു. ടി പദ്ധതിക്ക് തുക ചെലവഴിച്ചു തുടങ്ങിയിട്ടില്ല.